ചാലക്കുടിപ്പുഴയുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായുള്ള അപേക്ഷ

88 (2582) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ചാലക്കുടിപ്പുഴയുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ഏതെല്ലാം പ്രവൃർത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നും അറിയിക്കാമോ ?

ഉത്തരം

ചാലക്കുടിപ്പുഴയുടെ തീരം കെട്ടി സംരക്ഷിക്കുന്നത് സംബന്ധിച്ച് ബഹു. ചാലക്കുടി എം.എൽ.എ.യുടെ അപേക്ഷപ്രകാരം 3 പ്രവൃത്തികൾ ജില്ലാതല വിദഗ്ധ സമിതി യോഗം അംഗീകരിച്ചിട്ടുള്ളതും സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ പ്രവൃത്തികൾ അടുത്ത സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ പരിഗണിക്കുന്നതാണ്.

പ്രവൃത്തിയുടെ വിശദാംശം

1. Protection works to the eroded left bank of Chalakudy river near vattukayam in Meloor Panchayath.

2. Protection works to the eroded left bank of Chalakudy river downstream of NH bridge near Kannampuzha Bhagavathi Temple and construction of Kadavu in Chalakudy Municipality.

3. Protection works to the eroded right bank of Chalakudy river near kappela kadavu and construction of Kadavu and drain in Pariyaram Panchayath.

പള്ളിക്കാമണ്ണടി പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി

89 (2583) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മീനാട്, ആദിച്ചനെല്ലൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട പള്ളിക്കമണ്ണടിപാലം അപ്രോച്ച് റോഡ് നിർമ്മാണ ആവശ്യത്തിലേക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ എന്നാണ് ആരംഭിച്ചത് ; ഇപ്പോൾ എത്ര വർഷമായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിലേക്ക് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) നിലവിൽ ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്, അവ പരിഹരിക്കുന്നതിലേക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തി എന്നത്തേക്ക് ഭൂമി കൈമാറുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പള്ളിക്കമണ്ണടി പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി മീനാട്, ആദിച്ചനെല്ലൂർ വില്ലേജുകളിലെ വിവിധ സർവ്വെ നമ്പരുകളിലുൾപ്പെട്ട ഭൂമി ഏറ്റെടുക്കുന്നതിന് 9-4-2013-ലെ ജി.ഒ. (ആർ.ടി.) 2031/13/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ട് മുന്നേമുക്കാൽ വർഷം ആകുന്നു.

(ബി) 1894-ലെ പൊതുംവില നിയമം 4 (1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം, 1961-ലെ കേരള സർവ്വേ ആന്റ് ബൗണ്ടറീസ് ആക്ട് വകുപ്പ് 6 (1) പ്രകാരമുള്ള പരസ്യം എന്നിവ 30-5-2013-ലും 1508-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. തുടർന്ന് സർവ്വേ നടപടികൾ പൂർത്തീകരിച്ച് മീനാട്, ആദിച്ചനെല്ലൂർ വില്ലേജുകളിലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 37.33 ആർ ഭൂമി ഏറ്റെടുക്കുന്നതിന് പൊതുംവില നിയമം 6-ാം വകുപ്പ് പ്രകാരമുള്ള പ്രഖ്യാപനം 23-6-2014-ലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അടിസ്ഥാനവില 21-2-2015-ൽ ജില്ലാ കളക്ടർ അംഗീകരിക്കുകയും ടി വിലയുടെ അടിസ്ഥാനത്തിൽ 3-3-2015-ന് ജില്ലാതല പർച്ചേസ് കമ്മിറ്റി (DLPC) യോഗം ചേർന്ന് ഭൂവുടമകളുമായി ചർച്ച നടത്തിയിട്ടുള്ളതുമാണ്. DLPC മുന്നോട്ട് വച്ച സ്ഥലവില ആകെയുള്ള 23 ഭൂവുടമകളിൽ 8 പേർ മാത്രമാണ് അംഗീകരിച്ച് ഭൂമി വിട്ടുതരുന്നതിനുള്ള സമ്മതപത്രം നൽകിയിട്ടുള്ളത്.

(സി&ഡി) കേന്ദ്ര സർക്കാരിന്റെ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേനയല്ലാതെ ഭൂമി ഏറ്റെടുക്കൽ സാധ്യമല്ല. ഡി.എൽ.പി.സി. മുന്നോട്ടുവച്ച സ്ഥലവില ഭൂരിപക്ഷം ഭൂവുടമകളും അംഗീകരിക്കാത്ത സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്. ആയതിനാൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിച്ചതിന് ശേഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പട്ടയ വിതരണം

90 (2584) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം താലൂക്കിൽ 1-7-2006 മുതൽ 31-5-2015 വരെ ഏതെല്ലാം വില്ലേജിലെ ആർക്കൊക്കെയാണ് മിച്ചഭൂമി അനുവദിച്ചുനൽകിയത് ; എത്ര പേർക്ക് ഭൂമിനൽകി എന്ന് വില്ലേജടിസ്ഥാനത്തിലുള്ള പട്ടിക പ്രസിദ്ധീകരിക്കാമോ ;

(ബി) മിച്ചഭൂമി അനുവദിച്ച് നൽകിയവർക്കെല്ലാം പട്ടയം നൽകുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(സി) പട്ടയം കിട്ടുത്തവർക്ക് ആയത് എന്ന് നൽകാൻ കഴിയുമെന്ന് അറിയിയ്ക്കാമോ ?

ഉത്തരം

(എ) ഒറ്റപ്പാലം താലൂക്കിൽ 1-7-2006 മുതൽ 31-5-2015 വരെയുള്ള കാലയളവിൽ 509 പേർക്ക് മിച്ചഭൂമി പതിച്ച് നൽകിയിട്ടുണ്ട്. മിച്ചഭൂമി പതിച്ചുനൽകിയ വ്യക്തിഗത ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല. ഈ കാലയളവിൽ നൽകിയ ഡീഡ് ഓഫ് അസൈൻമെന്റിന്റെ വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധത്തിൽ ചേർക്കുന്നു.*

(ബി) മിച്ചഭൂമി അനുവദിച്ച് നൽകിയവർക്കെല്ലാം പാലക്കാട് ജില്ലയിൽ ഡീഡ് ഓഫ് അസൈൻമെന്റാണ് നൽകിയിട്ടുള്ളത്. പാലക്കാട് ജില്ലയിൽ മിച്ചഭൂമി വിതരണം ചെയ്യുമ്പോൾ ഡീഡ് ഓഫ് അസൈൻമെന്റാണ് നൽകി വരുന്നത്. പട്ടയത്തിന് അപേക്ഷലഭിക്കുന്ന കേസ്സുകളിൽ പരിശോധിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) മിച്ചഭൂമി (ഡീഡ് ഓഫ് അസൈൻമെന്റ്) അനുവദിച്ചുനൽകിയവർ പട്ടയത്തിന് അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് പരിശോധിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.